പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3666 — 24.06.2014-ൽ മറുപടിയ്ക്ക്

# ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച നടപടി

| ചോദ്യം<br>ശ്രീ. കെ. ദാസൻ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എം. എൽ. എ. മാരുടെ എസ്. ഡി. എഫ് ഉൾപ്പെടെ വിവിധ പദ്ധതികളിൽ കെ. എസ്. ഇ. ബി നേരിട്ടും കെ. എസ്. ഇ. ബി. ഏറ്റെടുത്ത പ്രവൃത്തിയായും ഹൈമാസ്റ്റ് ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട് ; | (എ)<br>(ബി)<br>&<br>(സി) | സംസ്ഥാനത്ത് കൊല്ലം ജില്ലയിലൊഴികെ മറ്റെല്ലായിടത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. കൊല്ലം ജില്ലയിൽ കെ. എസ്. ഇ. ബി ഏറ്റെടുത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരും അനുബന്ധമായി ചേർക്കുന്നു. ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരമുള്ള സ്ഥാപനങ്ങളുടെ പട്ടിക പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല. മത്സര സ്വഭാവമുള്ള ദർഘാസുകൾ വഴി ഇത്തരം പ്രവൃത്തികൾ വിവിധ കരാറുകാരെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | സ്ഥാപിച്ച സ്ഥലങ്ങൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, പ്രവൃത്തി നടത്തിയ അക്രെഡിറ്റഡ് ഏജൻസി തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുമോ ; | | |
| (സി) | സംസ്ഥാനത്ത് സർക്കാർ, കെ. എസ്. ഇ. ബി ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിതരണം ഏറ്റെടുക്കുന്ന ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപനം, എൽ. ഇ. ഡി ലാമ്പ് മുതലായ പ്രവൃത്തികൾക്ക് കരാർ ഏൽപ്പിക്കാവുന്നതും കരാർ എടുക്കുന്നതിന് അംഗീകാരമുള്ളതുമായ അക്രഡിറ്റഡ് ഏജൻസികൾ/അപ്രൂവ്ഡ് ഏജൻസികൾ ഏതെല്ലാം എന്ന് സ്ഥാപനത്തിന്റെ പൂർണ്ണമേൽവിലാസം സഹിതം വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

**നിയമസഭാ ചോദ്യം നം. 3666** **അനുബന്ധം**

| നം. | സ്ഥലം | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|---|
| 1 | താലൂക്ക് കച്ചേരി ജംഗ്ഷൻ | |
| 2 | കടപ്പാക്കട ജംഗ്ഷൻ | |
| 3 | കോൺവെന്റ് ജംഗ്ഷൻ | |
| 4 | ഇ.എസ്.ഐ ജംഗ്ഷൻ | കൊല്ലം കോർപ്പറേഷൻ |
| 5 | മൂന്നാം കുറ്റി ജംഗ്ഷൻ | |
| 6 | കരിക്കോട് ജംഗ്ഷൻ | |
| 7 | ഹൈസ്ക്കൂൾ ജംഗ്ഷൻ കൊല്ലം | |
| 8 | കാവനാട് ജംഗ്ഷൻ | |
| 9 | പാരിപ്പള്ളി ജംഗ്ഷൻ | കല്ലുവാതുക്കൽ പഞ്ചായത്ത് |
| 10 | ചാത്തന്നൂർ ജംഗ്ഷൻ | ചാത്തന്നൂർ പഞ്ചായത്ത് |
| 11 | കൊട്ടിയം ജംഗ്ഷൻ | മയ്യനാട് പഞ്ചായത്ത് |
| 12 | കരുനാഗപ്പള്ളി ജംഗ്ഷൻ | |
| 13 | കരുനാഗപ്പള്ളി ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റിനു മുൻവശം | |
| 14 | പുതിയകാവ് ജംഗ്ഷൻ | |
| 15 | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിക്ക് മുൻവശം | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി |
| 16 | ഓച്ചിറ ജംഗ്ഷൻ | ഓച്ചിറ പഞ്ചായത്ത് |
| 17 | ഭരണിക്കാവ് ജംഗ്ഷൻ | |
| 18 | ശാസ്താംകോട്ട ജംഗ്ഷൻ | ശാസ്താംകോട്ട പഞ്ചായത്ത് |
| 19 | അഞ്ചാലുംമൂട് ജംഗ്ഷൻ | തൃക്കടവൂർ പഞ്ചായത്ത് |
| 20 | താന്നിക്കമുക്ക് ജംഗ്ഷൻ | പനയം പഞ്ചായത്ത് |
| 21 | ചെമ്മക്കാട് ജംഗ്ഷൻ | പെരിനാട് പഞ്ചായത്ത് |
| 22 | അമ്പലമുക്ക് | ഇളമാട് പഞ്ചായത്ത് |
| 23 | നിലമേൽ | നിലമേൽ പഞ്ചായത്ത് |
| 24 | ചടയമംഗലം | ചടയമംഗലം പഞ്ചായത്ത് |

സെക്ഷൻ ഓഫീസർ